# weekly Devotion - February 2018

## The Voice of the Holyspirit (പരിശുദ്ധാത്മാവിന്റെ സ്വരം)




വാക്കിന്റെ മാധുര്യം കൊണ്ട് സർവ്വരുടെയും പ്രീതിയും വാക്കിൻെറ പാരുഷ്യം മൂലം സർവ്വരുടെയും അപ്രീതിയും നേടുന്നവരാണ് മനുഷ്യർ. എന്നാൽ പാരുഷ്യവാക്കുകളാണ് സാത്താനോടും അവൻ ഉള്ളിൽ പാർക്കുന്നവരോടും പറയേണ്ടത്. പരിശുദ്ധാത്മാവ് വളരെ മൃദുലമായി സംസാരിക്കുന്ന വ്യക്തിത്വമാണ്.

**പരിശുദ്ധാത്മാവ് 2 വിധത്തിൽ സംസാരിക്കുന്നു.**

**(1) ശബ്ദ സഹിത സ്വരം**

ശബ്ദ സഹിത സ്വരത്തിന് ഉദാഹരണമാണ് യെശ: (30:21) ഇന്നത്തെ ലോകത്തിൽ പരിശുദ്ധാത്മാവിന്റെ ശബ്ദം കേൾക്കുവാൻ നമ്മുടെ കാതുകളെ കൂർമ്മയുള്ളതായി സൂക്ഷിക്കേണം. വാക്ക്, സ്വരം, ധ്വനി എല്ലാം ഒരേ അർത്ഥത്തിൽ ഉപയോഗിക്കുന്നു. നമുക്ക് സങ്കല്പിക്കുവാൻ കഴിയുന്നതിലും വേഗത്തിലാണ് ശബ്ദം സഞ്ചരിക്കുന്നത്. ആധുനിക ലോകത്തിലെ ഇലക്ട്രോണിക് സംവിധാനങ്ങൾ അതിനുദാഹരമാണ്. എന്നാൽ പരിശുദ്ധാത്മാവ് അതിലും വേഗത്തിൽ സാഹചര്യം അറിഞ്ഞ് സാന്നിദ്ധ്യം നൽകി പ്രതികരിക്കുന്നു.

ടെലിവിഷൻ അഥവാ റേഡിയോ, ട്യൂൺ ഇൻ ചെയ്യാതെ ഒരു പരിപാടിയും നമുക്ക് കാണുവാനോ, കേൾക്കുവാനോ കഴിയുകയില്ല. പരിപാടികൾക്കിടയിൽ അവതാരകർ " Staytuned" എന്ന് പറയുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ. പരസപരബന്ധം നിലയക്കാതിരുന്നാലേ ശബ്ദം നമ്മുടെ അടുക്കൽ എത്തുന്നുള്ളൂ. ഇതുപോലെ തന്നെ ദൈവവുമായി " സ്വരൈക്യത്തിൽ" എന്നൊരു പദപ്രയോഗമുണ്ട് ദൈവവുമായി നാം സ്വരൈക്യം കാത്തുസൂക്ഷിച്ചാൽ പരിശുദ്ധാത്മാവ് നമ്മോട് ആശയവിനിമയം ചെയ്യുന്നു. ഇടയ്ക്ക് ബന്ധം വിച്ഛേദിച്ചാൽ out of coverage area എന്ന ശബ്ദം കേൾക്കാം. യെശ:(1:2) ൽ ചെവിതരിക എന്ന വേദനയുടെ ശബ്ദം കേൾക്കാം. നാം മത്സരികളായ മക്കളോ? അതോ ചെവികൂർമ്മതയിൽ സൂക്ഷിക്കുന്നവരോ ?

**(2) ശബ്ദ രഹിത സ്വരം**

ശബ്ദ രഹിത സ്വരം കേൾക്കുവാൻ നമ്മുടെ ഹൃദയമാണ് കൂർമ്മതയുള്ളതാകേണ്ടത്. നിർവ്വചിക്കുവാൻ കഴിയാത്ത വിധം ആത്മീയ സത്യങ്ങൾ തിരിച്ചറിയുവാനും അതിനെ പ്രാപ്യമാക്കുവാനും കഴിവുള്ളതായിട്ടാണ് ദൈവം ഹൃദയത്തെ സൃഷ്ടിച്ചിരിക്കുന്നത്.

പരിശുദ്ധാത്മാവ് നമ്മോട് സംസാരിക്കുമ്പോൾ കയറി വരുവാൻ സാധ്യതയുള്ള ചില സ്വരങ്ങളുണ്ട്. (ഫോണിൽ നാം സംസാരിക്കുമ്പോൾ മറ്റു ചില കോളുകൾ കയറിവരുന്നതു പോലെ). കയറിവരുന്ന സ്വരങ്ങളാണ്, സാത്താന്റെ സ്വരങ്ങളും, നമ്മുടെ ഹിതപ്രകാരമുള്ള ചില ശബ്ദങ്ങളും.

ദൈവം പറയുന്ന കാര്യങ്ങളെ നമ്മെ അറിയിക്കുന്നത് പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിന്റെ സ്വരം മറ്റു സ്വരങ്ങളിൽ നിന്ന് തിരിച്ചറിയുവാൻ ഏഴ് താക്കോലുകൾ വചനത്തിൽ നിന്ന് നമുക്ക് ലഭ്യമാണ്

(1) തിരുവചനം - 2 തിമെ:(3:16,17)

(2) പരിശുദ്ധാത്മാവ് ഹൃദയത്തിലെഴുതുന്ന പ്രമാണം - എബ്രാ: (8:10,11)

(3) ഇടവിടാതെ സ്ത്രോത്രം ചെയ്ത് നല്ലതിനെ തിരഞ്ഞെടുക്കുക 1തെസ്സ :(5:18-21)
(4) ദൈവീക പരിപാലനം - സദൃ:(11:14)
(5) സാക്ഷികളെ കണ്ട് ഉറപ്പിക്കൽ - മത്താ: (18:16)
(6) ദൈവീക സമാധാനം - കൊലോ (3:15)
(7) സാഹചര്യം മനസ്സിലാക്കൽ - അപ്പോ : പ്രമ(18:2,3)

ഇപ്രകാരം സ്വരം തിരിച്ചറിയുവാൻ പ്രാപ്തരായ ശേഷം ദിവസവും പരിശുദ്ധാത്മാവിന്റെ സ്വരം നമുക്ക് കേൾക്കുവാൻ കഴിയും. അതിനായി നാം ക്രമീകരിക്കേണ്ട അഞ്ച് കാര്യങ്ങൾ ഉണ്ട്

(1) നമ്മുടെ ഹൃദയത്തെയും ചിന്തകളെയും ക്രമീകരിക്കുക.
(2) എപ്പോഴും ദൈവഹിതസാന്നിദ്ധ്യം പ്രാപിക്കുന്നവർ ആകുക.
(3) വികാരങ്ങളെയും വിചാരങ്ങളെയും നിയന്ത്രിതമാക്കുക.
(4) ലോക ആകുല ചിന്തകൾ മാറ്റുക.
(5) ക്ഷമയോടെ പരിശുദ്ധാത്മാവിന്റെ സ്വരം കേൾക്കുക.

ജനിപ്പിക്കുന്ന സ്വരമാണ് സൃഷ്ടിപ്പിൽ നാം കണ്ടത് വചനും സ്വരവും ഒന്നു തന്നെ യാണ്. പ്രസംഗസ്വരം കേൾക്കുന്ന ഒരാൾ വചനം ഏറ്റെടുത്താൽ അവനിൽ വചനം ജീവൻ വയ്ക്കുന്നു.അതായത് ആത്മീയ ജനനം നടക്കുന്നു.അടുത്തത് തകർക്കുന്ന സ്വര മാണ്.കൊടുങ്കാറ്റ്, ഭൂചലനം ഇവ തകർത്തടിക്കുന്നതു പോലെ സുവിശേഷത്തിന്റെ സ്വരം ലോകത്തെ ഉലയ്ക്കുന്നതാകണം. ഉണർത്തുന്ന സ്വരമാണ് അടുത്തത്. നമ്മുടെ പ്രത്യാശ കാഹളനാദം കേട്ട് ഉണർന്ന്, മണവാട്ടിയായി നമ്മുക്ക് മണവാളനോടൊപ്പം പാർക്കുവാൻ കഴിയണം . ഈ മൂന്ന് സ്ഥാനത്തും വചനത്തെ സ്ഥിരപ്പെടുത്തുന്ന പരിശുദ്ധാത്മാവിന്റെ സ്വരം കേൾപ്പാൻ നമുക്ക് ഒരുങ്ങാം ദൈവം നമ്മെ സഹായിക്കട്ടെ

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind